

# അരിപ്പാലം കർമ്മലമാത ഇടവക

വെളയനാട് ഇടവക വിഭജിച്ച് പരി. ജപമാലരാജ്ഞിയുടെ നാമത്തിൽ 1733-ൽ കൊച്ചിരാജാവിന്റെ 1270-ാം നമ്പർ കല്പനപ്രകാരം കരം ഒഴിവാക്കി ലഭിച്ച ഒരു ഏക്കർ ഭൂമിയിൽ കല്പറമ്പ് ഇടവക ദേവാലയം സ്ഥാപിതമായി. അതിൽനിന്നാണ് അരിപ്പാലം ഇടവകയുടെ ഉൽഭവം.

## പ്രാരംഭം

കൽപറമ്പ് ഇടവകയുടെ ഭാഗമായിരുന്ന അരിപ്പാലത്ത് 1883-ൽ തെക്കിനിയത്ത് പാഴായി തറവാട്ടിൽ നിന്ന് 150 പുത്തൻ കൊടുത്തു തീറുവാങ്ങിയ 28 സെന്റ് സ്ഥലത്ത് മണ്ണുകൊണ്ടും ഓലകൊണ്ടും നിർമ്മിച്ച ഒരു കപ്പേള കർമ്മല മാതാവിന്റെ നാമധേയത്തിൽ ഇപ്പോൾ പള്ളിവക ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് സ്ഥാപിച്ച് ആശീർവദിച്ചു. പ്രസ്തുത കപ്പേളയിൽ മാസംതോറും ഓരോ ദിവ്യബലി അർപ്പിച്ചുവന്നിരുന്നു. ഇവിടെ ഉണ്ടായിരുന്ന 65 വീട്ടുകാരിൽ നിന്ന് 5 ചില്ലി വീതം പിരിവെടുത്താണ് ആവശ്യങ്ങൾ നടത്തിയിരുന്നത്.

## കുരിശുപള്ളി

65 വീട്ടുകാരുടെ സഹകരണവും കഠിനാധ്വാനവും മുഖേന 5 വർഷത്തെ കാത്തിരിപ്പിനുശേഷം 1888-ൽ കപ്പേള പുതുക്കിപ്പണിത് കർമ്മലമാതാവിന്റെ നാമധേയത്തിലുള്ള ഒരു കുരിശുപള്ളിയാക്കി മാറ്റി. ധനാഗമ മാർഗ്ഗത്തിനായി പള്ളിയിൽ 4 അണ കുറിനടത്തി. ഫ്രാൻസിൽ നിന്ന് വന്ന് ഇവിടെ സ്ഥിരതാമസമാക്കിയ Mr. Lawrence Montaut ദാനമായി നല്കിയ സ്ഥലത്ത് ഒരു ചന്തയും ആരംഭിച്ചു.

നിലത്തെഴുത്ത്, മതപഠനം, പ്രൈമറി വിദ്യാഭ്യാസം എന്നിവയ്ക്ക് ഒരു പള്ളിക്കൂടം സ്ഥാപിച്ചിരുന്നെങ്കിലും പിന്നീട് അത് നിർത്തൽ ചെയ്തു. ആദ്യകാലങ്ങളിൽ കല്പറമ്പ് പള്ളിയിൽ സേവനമനുഷ്ഠിച്ചിരുന്ന എടക്കുളം സ്വദേശിയായ ബഹു. ഊക്കൻ മാത്തു അച്ചനാണ് മാസംതോറും വിശുദ്ധ കുർബാന അർപ്പിച്ചിരുന്നത്. പിന്നീട്, ആഴ്ചതോറും വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു.

## വൈദികമന്ദിരം

1958-ൽ അരിപ്പാലം കുരിശുപള്ളി അംഗമായ തെക്കിനിയത്ത് പാഴായി ദേവസ്സി അന്തോണി

പള്ളിയ്ക്കുവേണ്ടി അഞ്ചര ഏക്കർ തെങ്ങിൻ പറമ്പ് ദാനമായി നല്കി. കൂടാതെ, സ്ഥിരമായി നിയമിതനാകുന്ന വൈദികന്റെ താമസത്തിനായി വൈദികമന്ദിരം കൂടി പണികഴിപ്പിച്ചു. ഇവിടത്തുകാരുടെ



വൈദിക മന്ദിരം

ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കുവാൻ തൃശ്ശൂർ രൂപത മെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് കുണ്ടുകുളം തിരുമേനി കല്പറമ്പ് പള്ളിയിലെ അസ്തേന്തിയായ റവ. ഫാ. ജോൺ അരിക്കാട്ടിനെ 1972 ഏപ്രിൽ മുതൽ നിയോഗിക്കുകയും അദ്ദേഹം ഇവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു.

അന്നത്തെ കൽപ്പറമ്പ് പള്ളി വികാരിയായിരുന്ന റവ. ഫാ. ആന്റണി അക്കരക്കാരന്റെ സഹകരണത്തോടെ, തുടർന്ന് ഇവിടേയ്ക്ക് സ്ഥലം മാറിവന്ന റവ. ഫാ. തോമസ് വാഴപ്പിള്ളി സി.എം.ഐ. പള്ളി നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി. ബഹു. അക്കരക്കാരനച്ചന് ശേഷം ബഹു. ആന്റണി പറോക്കാരനച്ചൻ വികാരിയായി.

## പുതിയ പള്ളി, ഇടവക

കുരിശുപള്ളി സ്ഥാപിതമായിരുന്ന സ്ഥലം നന്നേ പരിമിതമായതിനാൽ ചന്തസ്ഥലം പള്ളി പണിയുന്നതിന് തിരഞ്ഞെടുത്തു. 1974 നവംബർ 24-ാം തിയ്യതി പുതിയ പള്ളിയുടെ ശിലാസ്ഥാപനകർമ്മം അഭിവന്ദ്യ പിതാവ് മാർ ജോസഫ് കുണ്ടുകുളം നിർവ്വഹിച്ചു. ബഹു. ജോസഫ് അറാശ്ശേരി അച്ചനുശേഷം 1975 ഡിസംബറിൽ ചാർജെടുത്ത റവ. ഫാ. സെബാസ്റ്റ്യൻ ഈഴേ



വി. അന്തോണിസിന്റെ കപ്പേള



പഴയ പള്ളി

ക്കാടന്റെ കഠിനാധ്വാനവും ജനങ്ങളുടെ സഹകരണവും കൊണ്ട് 2 ലക്ഷം രൂപ ചെലവഴിച്ച് ഒരു ദേവാലയം പണി കഴിക്കുവാൻ സാധിച്ചു. 1977 ജനുവരി 5-ാം തിയ്യതി മാർ ജോസഫ് കുണ്ടുകുളം പിതാവ് ദേവാലയത്തിന്റെ കൂദാശാകർമ്മം നിർവ്വഹിച്ചു. അതേവർഷം, സെപ്റ്റംബർ 8-ാം തിയ്യതി അരിപ്പാലം കർമ്മലമാതാ പള്ളി സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കപ്പെട്ടു. 1993-ൽ ബഹു. ജോയ് കടമ്പാട്ടച്ചന്റെ നേതൃത്വത്തിൽ പള്ളിയുടെ മദ്ബഹാ ആധുനിക ശില്പചാരുതയോടെ മോടിപിടിപ്പിച്ചു. 2005 മുതൽ "കാർമ്മൽ വോയ്സ്" എന്ന പാരിഷ് ബുള്ളറ്റിൻ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചുവരുന്നു.

## സിമിത്തേരി

റവ. ഫാ. ലിയോൺസിയസ് CMI വികാരിയായിരുന്നപ്പോൾ മൊന്ത (Montaut) കുടുംബത്തിന്റെ സ്ഥലം വാങ്ങുവാനും ആധുനിക രീതിയിലുള്ള സിമിത്തേരി നിർമ്മിക്കുവാനും സാധിച്ചു. 1980 മേയ് 8-ാം തിയ്യതി ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ ഇത് ആശീർവദിച്ചു. വി. യൗസേപ്പുപിതാവിന്റെ നാമധേയത്തിലുള്ള കിഴക്കേ കപ്പേള ഈ കാലയളവിലാണ് നിർമ്മിച്ചതും ആശീർവദിച്ചതും. റവ. ഫാ. ജോൺ മാളിയേക്കൽ വികാരിയായിരുന്നപ്പോൾ സിമിത്തേരിയിലെ സ്ഥിരം കല്ലറകളുടെ പുതിയ ബ്ലോക്ക് പണി തീർത്തു.

## നവീകരണശ്രമങ്ങൾ

4.3.1981 ലാണ് സ്ഥിരമായ കൊടിമരം സ്ഥാപിച്ച് വികാരി റവ. ഫാ. പോൾ സി. അമ്പൂക്കൻ ആശീർവ്വാദകർമ്മം നട

ത്തിയത്. റവ.ഫാ. ആന്റോ തച്ചിൽ വികാരിയായിരുന്നപ്പോൾ പടിഞ്ഞാറെ ഭാഗത്ത് ഉണ്ണിമിശിഹായുടെ കപ്പേള പുതുക്കി നിർമ്മിച്ച് 20.5.1989-ൽ ആശീർവാദ കർമ്മം നടത്തി. പുതിയ വൈദികമന്ദിരവും പണിത് വെഞ്ചരിച്ചു.


ഉണ്ണീശോയുടെ കപ്പേള

## ഷോപ്പിംഗ് കോംപ്ലക്സ്

റവ. ഫാ. റാഫേൽ പുത്തൻവീട്ടിൽ വികാരിയായിരുന്ന കാലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് 14.4.1997-ന് ഉദ്ഘാടനം നിർവ്വഹിച്ചു. അന്തോണീസ് പുണ്യവാളന്റെ കപ്പേളയും മനോഹരമായി പുനരുദ്ധരിച്ചു (5.1.1998).

## മതബോധനമന്ദിരം, കപ്പേളകൾ

റവ. ഡോ. ജോസ് വെതമറ്റിൽ വികാരിയായിരുന്ന കാലത്ത് (2001-2004) ഇടവക രജത ജൂബിലി സ്മാരകമായി പുതിയ മതബോധനമന്ദിരം പണിത് 2.1.2002-ൽ ആശീർവദിച്ചു. കൂടാതെ, കിഴക്കേ അതിർത്തിയിലുള്ള വി. യൗസേപ്പുപിതാവിന്റെ കപ്പേള ആകർഷകമായി 20.9.2003 പുതുക്കിപ്പണിതു.

ഈ ദേവാലയത്തിന്റെ ഉൾഭാഗം ആകർഷകമാക്കിയതും, വേളാങ്കണ്ണി മാതാവിന്റെ കപ്പേള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആരംഭംകുറിച്ചതും ബഹു. ഡോ. പോളി പടയാട്ടി അച്ചനാണ്.

ബഹു. ജെയിംസ് കവലക്കാട്ടച്ചന്റെ നേതൃത്വത്തിൽ ആധുനിക ശില്പചാരുത യോടെ പണിതീർത്ത വേളാങ്കണ്ണി മാതാവിന്റെ കപ്പേള 2007


സെന്റ് ജോസഫ് കപ്പേള


വേളാങ്കണ്ണിമാതാ കപ്പേള


രജത ജൂബിലി മതബോധനഹാൾ

ആഗസ്റ്റ് 31-ാം തിയ്യതി മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്ത ആശീർവദിച്ചു. വൈദികമന്ദിരത്തോട് ചേർത്ത് ഇടവക കാര്യാലയവും അതിഥികൾക്കുള്ള മുറികളും പണിത് സൗകര്യമാക്കി. ഇപ്പോൾ ഈ ഇടവകയിൽ 377 വീട്ടുകാരാണുള്ളത്. ദേവാലയസ്ഥാപനത്തിന്റെ 125 വർഷം പൂർത്തിയാക്കിയതിന്റെ ജൂബിലി 2009-ൽ വിവിധ പരിപാടികളോടുകൂടി സാഘോഷം കൊണ്ടാടി.

## ഇതര ആരാധനാലയങ്ങൾ

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് നിശ്ശേഷം നശിപ്പിക്കപ്പെട്ടതായ പൂക്കോട്ട സെമിനാരി നിലകൊണ്ടിരുന്ന സ്ഥാനത്ത് പിന്നീട് ലത്തീൻ കത്തോലിക്കരുടെ തിരുഹൃദയ ദേവാലയം നിർമ്മിക്കപ്പെട്ടു. കൂടാതെ, യാക്കോബായ ദേവാലയവും അവിടത്തെ വികാരി അച്ചന്റെ പരിശ്രമഫലമായി നിർമ്മിച്ച അഗതിമന്ദിരവും സ്ഥിതിചെയ്യുന്നു. ഹൈന്ദവക്ഷേത്രവും ഇടവകയുടെ പരിധിയിൽ പെടുന്നു.